**15 -ാം കേരള നിയമസഭ**

**11 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 594** **11-06-2024 - ൽ മറുപടിയ്ക്ക്**

**മെഡിസെപ് ഇൻഷ്വറൻസ് പദ്ധതി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ ഡി കെ മുരളി | | ശ്രീ കെ എൻ ബാലഗോപാൽ<br>(ധനകാര്യ വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാന സർക്കാർ ജീവനക്കാർക്കും പെൻഷൻകാർക്കുമായി നടപ്പാക്കിയ മെഡിസെപ് ഇൻഷ്വറൻസ് പദ്ധതി ആരംഭിച്ചതിനു ശേഷം നാളിതുവരെ എത്ര ജീവനക്കാർക്കും പെൻഷൻകാർക്കും ഇതിന്റെ ആനുകൂല്യം ലഭിച്ചിട്ടുണ്ട്; എത്ര തുക ഈയിനത്തിൽ ഇൻഷ്വറൻസ് ആനുകൂല്യമായി നൽകിയിട്ടുണ്ടെന്ന് വിശദമാക്കാമോ; | (എ) | **സംസ്ഥാന സർക്കാർ ജീവനക്കാരുടെയും പെൻഷൻകാരുടെയും സമഗ്ര ആരോഗ്യ ഇൻഷ്വറൻസ് പദ്ധതിയായ മെഡിസെപ്പിൽ 17.05.2024വരെ 6,08,361 പേർക്ക് 1267,57,92,198/- രൂപയുടെ ആനുകൂല്യവും അവയവമാറ്റ ശസ്ത്രക്രിയകൾക്കായി 17.05.2024 വരെ 2,250 പേർക്ക് 51,65,75,051/- രൂപയുടെ ആനുകൂല്യവും നൽകിയിട്ടുണ്ട്.** |
| (ബി) | സംസ്ഥാനത്തെ ചില പ്രധാനപ്പെട്ട സ്വകാര്യ ആശുപത്രികൾ പ്രസ്തുത പദ്ധതിയിൽ ചേരാത്തതുമൂലം ഈ പദ്ധതിയുടെ പൂർണ്ണമായ പ്രയോജനം എല്ലാ ഗുണഭോക്താക്കൾക്കും ലഭിക്കുന്നില്ലായെന്ന പരാതി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (ബി) | ഉണ്ട്. സംസ്ഥാനത്തെ ചില പ്രധാനപ്പെട്ട സ്വകാര്യ ആശുപത്രികൾ മെഡിസെപ് പദ്ധതിയിൽ ചേരാത്തതുമൂലം ഈ പദ്ധതിയുടെ പൂർണ്ണമായ പ്രയോജനം എല്ലാ ഗുണഭോക്താക്കൾക്കും ലഭിക്കുന്നില്ലായെന്ന പരാതി ശ്രദ്ധയിൽപ്പെട്ടതിനെത്തുടർന്ന് ഇൻഷ്വറൻസ് കമ്പനിയുമായി നടത്തിയ അവലോകന യോഗങ്ങളിൽ സംസ്ഥാനത്തെ എല്ലാ പ്രധാനപ്പെട്ട സ്വകാര്യ ആശുപത്രികളെയും പദ്ധതിയിൽ ഉൾപ്പെടുത്തുന്നതിനുള്ള നിർദ്ദേശം നൽകിയിട്ടുണ്ട്. |
| (സി) | എങ്കിൽ എല്ലാ ആശുപത്രികളേയും ഇതിന്റെ പരിധിയിൽ കൊണ്ടുവരുന്നതിന് ആവശ്യമായ നടപടികൾ സ്വീകരിക്കാൻ കഴിയുമോ; വിശദമാക്കാമോ? | (സി) | ഉണ്ട്. സംസ്ഥാനത്തെ ചില പ്രധാനപ്പെട്ട സ്വകാര്യ ആശുപത്രികൾ മെഡിസെപ് പദ്ധതിയിൽ ചേരാത്തതുമൂലം ഈ പദ്ധതിയുടെ പൂർണ്ണമായ പ്രയോജനം എല്ലാ ഗുണഭോക്താക്കൾക്കും ലഭിക്കുന്നില്ലായെന്ന പരാതി ശ്രദ്ധയിൽപ്പെട്ടതിനെത്തുടർന്ന് ഇൻഷ്വറൻസ് കമ്പനിയുമായി നടത്തിയ അവലോകന യോഗങ്ങളിൽ സംസ്ഥാനത്തെ എല്ലാ പ്രധാനപ്പെട്ട സ്വകാര്യ ആശുപത്രികളെയും പദ്ധതിയിൽ ഉൾപ്പെടുത്തുന്നതിനുള്ള നിർദ്ദേശം നൽകിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ